


# സ്നേഹം സുവിശേഷമാകുമ്പോൾ

ബ്ര. ജോഷി കണ്ണമ്പുഴ MCBS

മർക്കോ. 16: 14–20; ഫിലി. 2: 1–11 (Vol. 9, Issue 61)

ബഹു. ആബേലച്ചനിലൂടെ എഴുതപ്പെട്ട കുരിശിന്റെ വഴിയിലെ 11–ാം സ്ഥലത്ത് നാം ഇങ്ങനെ ധ്യാനിക്കുന്നുണ്ട്: "ലോകരക്ഷകനായ കർത്താവേ, സ്നേഹത്തിന്റെ പുതിയ സന്ദേശവുമായി വന്ന അങ്ങയെ ലോകം കുരിശിൽ തറച്ചു. അങ്ങ് ലോകത്തിൽ നിന്നും അല്ലാത്തതിനാൽ ലോകം അങ്ങയെ ദ്വേഷിച്ചു." മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി തന്നെത്തന്നെ കുരിശുമരണത്തിന് ഏൽപ്പിച്ചുകൊടുത്ത ഈശോ, ഉത്ഥാനം ചെയ്തതിനു ശേഷം തന്റെ 11 ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്ന സംഭവമാണ് തിരുസഭ ഇന്ന് നമുക്ക് ധ്യാനവിഷയമായി തന്നിരിക്കുന്നത്.

തന്റെ ശിഷ്യന്മാരുടെ മുമ്പിലേയ്ക്ക് ഈശോ കടന്നുവരുമ്പോൾ അവിടുന്ന് അവരെ ശാസിക്കുകയും തിരുത്തുകയും ചെയ്യുന്നത് സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട്. ഉയിർത്തെഴുന്നേറ്റതിനു ശേഷം തന്നെ കണ്ടവർ, തന്നെ വിശ്വസിക്കാത്തതുമൂലം അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും അവൻ കുറ്റപ്പെടുത്തി (16:14). ഈശോ, തന്റെ ഉത്ഥാനത്തിനു ശേഷം പലതവണ പലർക്കും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എന്നാൽ അവരാരും വിശ്വസിച്ചില്ല.

യേശു ആദ്യം മഗ്ദലേന മറിയത്തിന് പ്രത്യക്ഷപ്പെട്ടു. അവൾ ചെന്ന് ശിഷ്യന്മാരെ വിവരമറിയിച്ചു. എന്നാൽ, അവർ വിശ്വസിച്ചില്ല (16:10). അതുപോലെ തന്നെ അവരിൽ രണ്ടുപേർ ഗ്രാമത്തിലേയ്ക്ക് നടന്നുപോകുമ്പോൾ അവൻ വേറൊരു രൂപത്തിൽ അവർക്ക് പ്രത്യക്ഷനായി. അവർ ശിഷ്യന്മാരെ വിവരമറിയിച്ചെങ്കിലും അവരെയും അവർ വിശ്വസിച്ചില്ല (16: 12–13). എന്നാൽ, ഈശോ ശിഷ്യന്മാരുടെ വിശ്വാസത്തെ ആഴപ്പെടുത്താനും അവരെ ശക്തിപ്പെടുത്തുവാനുമായിട്ട് അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയാണ്. അവിടെ ഈശോ, അവരുടെ വിശ്വാസക്കുറവിനെ കുറ്റപ്പെടുത്തുന്നുവെങ്കിലും അവരോടുള്ള തന്റെ സ്നേഹം അവിടുന്ന് മറച്ചുവയ്ക്കുന്നില്ല. ലോകം മുഴുവൻ ദൈവത്തിന്റെ സുവിശേഷം പ്രഘോഷിക്കുവാൻ തന്റെ ശിഷ്യന്മാരെ ഭരമേൽപ്പിച്ചുകൊണ്ട് അവരോടുള്ള തന്റെ സ്നേഹവും അവരിലുള്ള പ്രതീക്ഷയും അവിടുന്ന് വ്യക്തമാക്കുന്നു. ഇന്നീ കാലഘട്ടത്തിൽ ഈശോ, തന്റെ പ്രതീക്ഷകൾ മുഴുവൻ നമ്മിൽ അർപ്പിച്ചുകൊണ്ട് ദൈവത്തിന്റെ സുവിശേഷം പ്രഘോഷിക്കുന്നവരും ജീവിക്കുന്നവരുമാകുവാൻ നമ്മെയും അയച്ചിരിക്കുന്നു.

ദൈവരാജ്യത്തിന്റെ സുവിശേഷം, അത് സ്നേഹത്തിന്റെ സുവിശേഷമാണ്. വി. ലൂക്കാ 10: 3–ൽ പറയുന്നു: "ഇതാ, ചെന്നായ്ക്കളുടെ ഇടയിലേയ്ക്ക് കുഞ്ഞാടുകളെയെന്ന പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു." പകയുടെയും വെറുപ്പിന്റെയും വൈരാഗ്യത്തിന്റെയും വിദ്വേഷത്തിന്റെയുമെല്ലാം വിത്ത് മുളച്ച് തഴച്ചുവളരുന്ന ഈ ലോകത്തിൽ സ്നേഹത്തിന്റെ വിത്ത് വിതച്ച് ദൈവരാജ്യത്തിന്റെ സുവിശേഷമാകാൻ അവിടുന്ന് നമ്മെയും അയച്ചിരിക്കുന്നു. അത്, ലോകം പെരുമാറുന്നതുപോലെ പെരുമാറാനോ ലോകം പ്രതികരിക്കുന്നതുപോലെ പ്രതികരിക്കാനോ അല്ല; ദൈവം ആഗ്രഹിക്കുന്നതുപോലെ

ജീവിക്കാനാണ് നമ്മൾ അയയ്ക്കപ്പെട്ടിരിക്കുന്നത്. ഇങ്ങനെ ജീവിക്കുമ്പോൾ ഈശോയുടെ സുവിശേഷമാകാൻ നമുക്ക് കഴിയും. ഫിലി. 2: 3-4 ൽ പൗലോസ് ശ്ലീഹാ ഇങ്ങനെ പറയുന്നു: "മാത്സര്യമോ വ്യർത്ഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത് മറിച്ച്, ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം."

ഈശോ ആരുടെയും അധികാരിയായിരുന്നില്ല. ആരിൽ നിന്നും ബഹുമാനം ആഗ്രഹിച്ചുമില്ല. ദൈവരാജ്യത്തിന്റെ സുവിശേഷം ലോകത്തിന് നൽകുവാൻ അവിടുന്ന് എല്ലാവർക്കും എല്ലാമായി, എല്ലാവരുടെയും ദാസനും സ്നേഹിതനുമായി. അതുകൊണ്ടു തന്നെ അവിടുന്ന് ഒത്തിരിയേറെ സ്നേഹിച്ചു. സ്നേഹത്തോടെ സഹിച്ചു. ഇതുതന്നെയാണ് നമുക്കും നൽകപ്പെട്ടിരിക്കുന്ന സുവിശേഷത്തിന്റെ ജീവിതവഴി. ഈ വഴിയിലൂടെയാണ് ആദിമക്രൈസ്തവരും ശിഷ്യന്മാരുമെല്ലാം സുവിശേഷമായി മുന്നേറിയത്. അഗ്നിയിലേയ്ക്കും തിളച്ച എണ്ണയിലേയ്ക്കും വലിച്ചെറിയാൻ വിധിക്കപ്പെടുമ്പോൾ ക്രിസ്ത്യാനി വേദനിച്ചില്ല. കൊളോസിയത്തിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണമായി എറിയപ്പെടുമ്പോൾ അവർ സ്വയം പഴിച്ചില്ല. തങ്ങൾ ക്രിസ്തുശിഷ്യരാണെന്ന ബോധ്യം അവർക്ക് അഭിമാനമായിരുന്നു. അതുപോലെ തന്നെ ആദിമസഭയിൽ റോമാ സാമ്രാജ്യത്തിലും പേർഷ്യയിലും പിന്നീട് ജപ്പാനിലും ചൈനയിലും വിയറ്റ്നാമിലും കൊറിയയിലും ഈ ആധുനികയുഗത്തിൽ സിറിയയിലും ഇറാഖിലും ലോകത്തിന്റെ ഇതരഭാഗങ്ങളിലും ലക്ഷോപലക്ഷം ക്രിസ്തുശിഷ്യർ വിശ്വാസത്തെപ്രതി ദൈവരാജ്യത്തിന്റെ സുവിശേഷത്തെപ്രതി വേട്ടയാടപ്പെട്ടപ്പോഴും തങ്ങൾ ക്രിസ്തുശിഷ്യരാണെന്നുള്ള കാര്യം ഒന്നു മാത്രമാണ് അവരെ ആശ്വസിപ്പിച്ചത്.

സഹിച്ചും ക്ഷമിച്ചും സ്നേഹിച്ചും അവർ ക്രിസ്തുവിന്റെ സുവിശേഷമായി. സുഭാ. 10:12- ൽ പറയുന്നു: "സ്നേഹം എല്ലാ അപരാധങ്ങളും പൊറുക്കുന്നു." 1 യോഹ. 4:12-ൽ വായിക്കുന്നതിങ്ങനെയാണ്: "നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. സ്നേഹിക്കാത്തവർ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്." ലോകത്തിൽ സുവിശേഷം പ്രഘോഷിക്കുവാനും ജീവിക്കാനുമായി ഇറങ്ങിപ്പുറപ്പെടുന്നവർ ആദ്യം നമ്മുടെ കുടുംബത്തിലും സമൂഹത്തിലും കൂട്ടായ്മകളിലുമെല്ലാം സ്നേഹത്തിന്റെ സുവിശേഷമാകണം. കാരണം, ദൈവം സ്നേഹമാണ്.

ആകാശപ്പറവകളുടെ കൂട്ടുകാരൻ എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകപിതാവായ ബഹു. ജോർജ്ജ് കുറ്റിക്കലച്ചൻ ഒരിക്കൽ, കുടുംബത്തിൽ എങ്ങനെ സ്നേഹത്തിന്റെ സുവിശേഷമാകാം എന്നു പറഞ്ഞത് ഇപ്രകാരമാണ്: "കുടുംബജീവിതത്തിൽ ഭാര്യയ്ക്ക് ഇഷ്ടമുള്ളതുപോലെ ഭർത്താവിനെ സ്നേഹിച്ചാൽ ഭർത്താവിന് അത് സ്വീകാര്യമായെന്നു വരില്ല. അതുപോലെ ഭർത്താവിന് ഇഷ്ടമുള്ളതു പോലെ ഭാര്യയെ സ്നേഹിച്ചാൽ ഭാര്യയ്ക്കും അത് സ്വീകാര്യമാകണമെന്നില്ല. ഇനി മാതാപിതാക്കൾ തങ്ങൾക്കിഷ്ടമുള്ളതുപോലെ മക്കളെ സനേഹിക്കുന്നതും സ്വീകാര്യമാകണമെന്നില്ല. അതുപോലെ മക്കൾ തങ്ങൾക്കിഷ്ടമുള്ളതുപോലെ മാതാപിതാക്കളെ സ്നേഹിക്കുമ്പോഴും അതിനൊരു പൂർണ്ണത വരുമെന്ന് തോന്നുന്നില്ല. എന്നാൽ, ഭാര്യയ്ക്കിഷ്ടമുള്ളതുപോലെ ഭർത്താവ് ഭാര്യയെയും, ഭർത്താവിനിഷ്ടമുള്ളതുപോലെ ഭാര്യ ഭർത്താവിനെയും, മക്കൾക്കിഷ്ടപ്പെട്ടതുപോലെ മാതാപിതാക്കൾ മക്കളെയും, മാതാപിതാക്കൾക്കിഷ്ടമുള്ളതു പോലെ മക്കൾ മാതാപിതാക്കളെയും സ്നേഹിക്കുമ്പോൾ അവിടെ ആത്മാർത്ഥമായ സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും കൂട്ടായ്മയുടെയും ജീവിതം കാണുവാൻ കഴിയും. അവിടെ എല്ലാവരും സ്നേഹത്തിൽ ഒന്നാകുന്നു. പരിഭവത്തിനോ പരാതിക്കോ അവിടെ സ്ഥാനമില്ല.

ഫിലി. 2:4-ൽ ഇപ്രകാരം വായിക്കുന്നു: "ഓരോരുത്തരെയും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം. ഓരോരുത്തരും സ്വന്തം താൽപര്യം നോക്കിയാൽ പോരാ മറ്റുള്ളവരുടെ താൽപര്യവും കൂടി പരിഗണിക്കണം." ഇങ്ങനെ സ്നേഹത്തിന്റെ പുതിയ സുവിശേഷവുമായി വന്ന ഈശോയെ ആദ്യം നമ്മുടെ കുടുംബങ്ങളിൽ ജീവിച്ച് കാണിച്ചുകൊടുക്കുകയും അവിടെ നിന്ന് നമ്മുടെ ചുറ്റുമുള്ളവരിലേയ്ക്കും നമ്മുടെ സമൂഹത്തിലേയ്ക്കും ഈ സ്നേഹത്തിന്റെ സുവിശേഷത്തെ നമ്മുടെ ജീവിതം വഴി പ്രഘോഷിക്കാൻ പരിശ്രമിക്കാം.

ഇന്നത്തെ സുവിശേഷം അവസാനിക്കുന്നത്, ഈശോയുടെ സ്വർഗ്ഗാരോഹണത്തെപ്പറ്റി പറഞ്ഞുകൊണ്ടാണ്. അവൻ സ്വർഗ്ഗാരോഹണം ചെയ്തുവെങ്കിലും അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചുകൊണ്ട് അവരുടെയിടയിൽ തന്നെയുണ്ടായിരുന്നു. അതുപോലെ തന്നെ നമ്മുടെ സുവിശേഷയാത്രയിലും സ്നേഹം വിതറുമ്പോൾ കുടുംബത്തിലും സമൂഹത്തിലും വ്യക്തിജീവിതത്തിലുമെല്ലാം സമാധാനവും സന്തോഷവും ഐക്യവും പ്രദാനം ചെയ്തുകൊണ്ട് ഈശോ കൂടെയുണ്ട് എന്ന സത്യം അനുഭവിച്ചറിയാൻ നമുക്കും സാധിക്കട്ടെ. അതിനായി പ്രാർത്ഥിക്കാം.

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആമ്മേൻ.